✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1055**

# സൂറ – 34 / സബഅ്

**സൂക്തം: 13**

നൂറ്റാണ്ടുകളായി ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും സ്വത്വമായി വേരുറച്ച ജനതയായിരുന്നു അറേബ്യൻ മുശ്‌രിക്കുകൾ. എവിടെയെങ്കിലും രൂപഭംഗി തോന്നുന്ന ഒരു കല്ലു കണ്ടാൽ അതെടുത്തു കൊണ്ടുപോയി പ്രതിഷ്ഠിച്ച് ആരാധിക്കാൻ മാത്രം അവരതിൽ ഭ്രമിച്ചു പോയിരുന്നു. ആരാധിക്കാനല്ലാതെ സൗന്ദര്യാവിഷ്കാരം എന്ന നിലയിൽ അറബികൾ പ്രതിമകളുണ്ടാക്കിയിരുന്നില്ല.

يَعْمَلُونَ لَهُۥ مَا يَشَآءُ مِن مَّحَٰرِيبَ وَتَمَٰثِيلَ وَجِفَانٍ كَٱلْجَوَابِ وَقُدُورٍ رَّاسِيَٰتٍ ۚ ٱعْمَلُوٓا۟ ءَالَ دَاوُۥدَ شُكْرًا ۚ وَقَلِيلٌ مِّنْ عِبَادِىَ ٱلشَّكُورُ ﴿١٣﴾

13. അദ്ദേഹം ആഗ്രഹിക്കുന്ന കോട്ടകളും പ്രതിമകളും തടാകങ്ങൾ പോലുള്ള കിടാരങ്ങളും ശൈലസമാനമായ കലങ്ങളുമെല്ലാം ആ ജിന്നുകൾ നിർമിച്ചുകൊടുക്കുന്നു. ദാവൂദ് കുടുംബമേ, നന്ദി ചെയ്യുവിൻ. എന്റെ ദാസന്മാരിൽ ഏറെ നന്ദിയുള്ളവർ കുറച്ചേയുള്ളൂ.

**13**

يَعْمَلُونَ لَهُ = അവർ അദ്ദേഹത്തിനു വേണ്ടി പണിയെടുക്കുന്നു (നിർമിച്ചുകൊടുക്കുന്നു)

مَا يَشَاءُ = അദ്ദേഹം ആഗ്രഹിക്കുന്നത് مِن مَّحَارِيبَ = ദേവാലയങ്ങളാൽ, കോട്ടക(ളും)ളാൽ

وَتَمَاثِيلَ = പ്രതിമക(ളും)ളാലും وَجِفَانٍ كَالْجَوَابِ = തടാകങ്ങൾ പോലുള്ള കിടാരങ്ങ(ളും)ളാലും

وَقُدُورٍ رَّاسِيَاتٍ = ശൈലസമാനമായ/ഇരിക്കുന്നിടത്തുനിന്ന് ഇളക്കാനാവാത്ത വൻ കലങ്ങ(ളും)ളാലും

اعْمَلُوا آلَ دَاوُودَ شُكْرًا = ദാവൂദ് കുടുംബമേ, നന്ദി ചെയ്യുവിൻ وَقَلِيلٌ = കുറവാകുന്നു (കുറച്ചേയുള്ളൂ)

مِّنْ عِبَادِيَ = എന്റെ ദാസന്മാരിൽ الشَّكُورُ = ഏറെ നന്ദിയുള്ളവർ

സുലൈമാൻ നബി ആഗ്രഹിക്കുന്നതെല്ലാം ആ ജിന്നുകൾ ചെയ്തുകൊടുത്തു. അദ്ദേഹം ആഗ്രഹിക്കുന്നതെല്ലാം –مَا يَشَاءُ– ആണ് ജിന്നുകൾ ചെയ്തുകൊടുത്തത്; കൽപിക്കുന്നത് –مَا يأمر– അല്ല. ആഗ്രഹിക്കുകയേ വേണ്ടൂ; ജിന്നുകളിലൂടെ അല്ലാഹു അത് സാധിച്ചുകൊടുക്കും. مَحَارِيب -ന്റെ മൂലം حرب (യുദ്ധം) ആണ്. محراب ആണ് مَحَارِيب-ന്റെ ഏകവചനം. സുരക്ഷിതമായി നിന്ന് യുദ്ധം ചെയ്യാവുന്ന സ്ഥലം എന്ന ആശയത്തെ ആസ്പദമാക്കി കോട്ട കൊത്തളങ്ങളെ കുറിക്കാൻ محراب ഉപയോഗിച്ചു. പിന്നീട് കൊട്ടാരങ്ങളും മഹാ സൗധങ്ങളുമൊക്കെ محراب ആയി. മറ്റുള്ളവരുടെ ഇടപെടലില്ലാതെ സുരക്ഷിതമായി ഇബാദത്തിലേർപ്പെടാൻ ഒരുക്കിയ സ്ഥലം എന്ന ആശയത്തെ ആസ്പദമാക്കി ആരാധനാലയം, ശ്രീകോവിൽ തുടങ്ങിയ അർഥങ്ങളിലും محراب ഉപയോഗിച്ചു. മുസ്‌ലിംകൾ محراب എന്നു പറയുന്നത് പള്ളികളിൽ നമസ്കാരം നയിക്കുന്ന ഇമാമിനു നിൽക്കാൻ പ്രത്യേകം സജ്ജമാക്കുന്ന ഇടമാണ്. പ്രവാചകന്റെയും ഖുലഫാഉർറാശിദീന്റെയും കാലത്ത് ഇതുണ്ടായിരുന്നില്ല. ഹിജ്റ രണ്ടാം നൂറ്റാണ്ടിലാണ് മസ്ജിദുകളിൽ മിഹ്റാബ് നിർമിക്കുന്ന സമ്പ്രദായം ആരംഭിച്ചത്.

ആദ്യകാലത്ത് അതിനെ വിളിച്ചിരുന്നത് മിഹ്‌റാബ് എന്നല്ല, طاق (കമാനം) എന്നാണ്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് محراب എന്ന പേരില്‍ അറിയപ്പെട്ടു തുടങ്ങിയത്. മദീനയിലെ മസ്ജിദുന്നബവിയില്‍ കാണപ്പെടുന്ന മിഹ്‌റാബ് രൂപം 'മിഹ്‌റാബുന്നബിയ്യ്' എന്നറിയപ്പെടുന്നുണ്ടെങ്കിലും നബി(സ)യുടെ കാലത്ത് അതുണ്ടായിരുന്നില്ല. ദമസ്‌കസില്‍ മസ്ജിദുല്‍ അമവി നിര്‍മിക്കപ്പെട്ടപ്പോഴാണ് ആദ്യമായി മിഹ്‌റാബ് നിര്‍മിതമായതെന്ന് പറയപ്പെടുന്നുണ്ട്. പിന്നീട് ഖലീഫ വലീദുബ്‌നു അബ്ദില്‍ മലിക് മസ്ജിദുന്നബവി വിപുലീകരിച്ച് പുനര്‍നിര്‍മിച്ചപ്പോള്‍ അതില്‍ മഹ്‌റാബ് സ്ഥാപിക്കാന്‍ കല്‍പിച്ചുവെന്നും അക്കാലത്ത് ഉമറുബ്‌നു അബ്ദില്‍ അസീസായിരുന്നു മദീനയുടെ ഗവര്‍ണര്‍ എന്നും സംഹൂദി തന്റെ *ഖുലാസതുല്‍ വഫാഉ ബി അഖ്ബാരി ദാരില്‍ മുസ്ത്വഫാ* എന്ന ഗ്രന്ഥത്തില്‍ പറഞ്ഞിരിക്കുന്നു. മസ്ജിദുന്നബവിയിലെ ഈ മിഹ്‌റാബ് കൃത്യമായും നബി നിന്നു നമസ്‌കരിച്ച സ്ഥലം തന്നെ ആവണമെന്നില്ല. പ്രവാചകന്റെ കൂടെ നമസ്‌കരിച്ചവരോ തിരുമേനിയുടെ നമസ്‌കാരം കണ്ടവരോ അല്ല അത് നിര്‍മിച്ചത്; അവരൊക്കെ കാലയവനികക്കുള്ളില്‍ മറഞ്ഞ് വളരെക്കാലത്തിനു ശേഷമാണ്. ഏറക്കുറെ പ്രവാചകന്‍ നിന്നു നമസ്‌കരിച്ചിരിക്കാവുന്ന സ്ഥലത്തെ സൂചിപ്പിക്കുന്ന ഒരടയാളമായേ അതിനെ കാണേണ്ടതുള്ളൂ.

ഈ സൂക്തം പരാമര്‍ശിക്കുന്ന محاريب ആരാധനാലയങ്ങളാവാം. ജറൂസലമില്‍ ഹൈക്കല്‍ സുലൈമാന്‍ (മസ്ജിദുല്‍ അഖ്‌സ്വാ) എന്ന വിശ്വവിഖ്യാത ദേവാലയം സ്ഥാപിച്ചത് സുലൈമാന്‍ നബിയാണല്ലോ. محاريب കോട്ടകളും കൊട്ടാരങ്ങളുമായിരിക്കാനും സാധ്യതയുണ്ട്. രണ്ടും ഉദ്ദേശ്യമാണെന്ന് വിചാരിക്കുന്നതും അസംഗതമല്ല. 'കര്‍ത്താവിന്റെ നാമത്തിന് ഒരാലയവും തനിക്ക് ഒരു രാജകൊട്ടാരവും നിര്‍മിക്കാന്‍ സോളമന്‍ തീരുമാനിച്ചു' എന്ന് ബൈബിള്‍ 2 ദിനവൃത്താന്തം 2:1-ല്‍ പറയുന്നുണ്ട്.

പ്രകൃതിയിലുള്ള ഒരു വസ്തുവിന്റേതിനു തുല്യമായി നിര്‍മിക്കപ്പെടുന്ന രൂപമാണ് تمثال. അത് കല്ലിലോ മരത്തിലോ കൊത്തിയെടുത്തതാവാം. മണ്ണ് കൊണ്ടോ ലോഹം കൊണ്ടോ മറ്റു പദാര്‍ഥങ്ങള്‍ കൊണ്ടോ വാര്‍ത്തെടുത്തതുമാവാം. ചുമരിലും തൂണിലും കടലാസിലും മറ്റും വരച്ചിടുന്നതും സദൃശരൂപം എന്ന അടിസ്ഥാനത്തില്‍ تمثال-ന്റെ ഗണത്തില്‍പെടുന്നു. ബഹുദൈവ വിശ്വാസികള്‍ ആരാധ്യവിഗ്രഹങ്ങളായി പ്രതിഷ്ഠിച്ചിരുന്നത് യഥാര്‍ഥത്തില്‍ ഉണ്ടായിരുന്നതോ സാങ്കല്‍പികമോ ആയ പുണ്യാത്മാക്കളുടെയും മഹാന്മാരുടെയും പ്രതിമകളായിരുന്നു. അങ്ങനെ ആരാധനാമൂര്‍ത്തി(وثن-صنم)യുടെ പര്യായമായും ഉപയോഗിച്ചു വന്നു. അത്തരം ആരാധ്യവിഗ്രഹങ്ങളായ പ്രതിമ - تماثيل-കളെ സുലൈമാന്‍ നബിയുടെ പ്രപിതാവും മഹാനായ പ്രവാചകനുമായിരുന്ന ഇബ്‌റാഹീം (അ) രൂക്ഷമായി നിഷേധിച്ചിരുന്നതായി 21:52 സൂക്തം പറയുന്നുണ്ട്.

إِذْ قَالَ لِأَبِيهِ وَقَوْمِهِ مَا هَٰذِهِ التَّمَاثِيلُ الَّتِي أَنتُمْ لَهَا عَاكِفُونَ ﴿٥٢﴾

(ഇബ്‌റാഹീം സ്വന്തം പിതാവിനോടും ജനത്തോടും ചോദിച്ചത് ഓര്‍ക്കുക; നിങ്ങള്‍ പൂജിക്കുന്ന ഈ പ്രതിമകള്‍ എന്താകുന്നു?). 26:77-ല്‍ പ്രപഞ്ച വിധാതാവൊഴിച്ചുള്ള ഈ ആരാധ്യരൊക്കെയും എന്റെ ശത്രുക്കളാകുന്നു - فَإِنَّهُمْ عَدُوٌّ لِّي إِلَّا رَبَّ الْعَالَمِينَ - എന്ന് അദ്ദേഹം പ്രസ്താവിച്ചതായും ഉദ്ധരിച്ചിരിക്കുന്നു. നാട്ടിലുള്ള പൂജാ വിഗ്രഹങ്ങള്‍ ഉടച്ചുകളയാന്‍ സുലൈമാന്‍ നബിയുടെ പിതാവ് ദാവൂദ് നബി സേവകരെ നിയോഗിച്ചതായി ബൈബിള്‍ സൂചിപ്പിക്കുന്നു. സുലൈമാന്‍ നബി നിര്‍മിക്കാനാഗ്രഹിച്ച പ്രതിമകള്‍ പൂജനീയ വിഗ്രഹങ്ങളല്ല എന്ന് ഇതില്‍നിന്നെല്ലാം സ്പഷ്ടമാകുന്നു.

പൂജനീയമല്ലാത്ത വിഗ്രഹങ്ങള്‍ അനുവദനീയമാണോ എന്നൊരു ചോദ്യം ഇസ്‌ലാമിക പണ്ഡിതന്മാര്‍ക്ക് മുന്നിലുണ്ട്. പ്രതിമകള്‍-تماثيل- പൊതുവില്‍ നിഷിദ്ധമാകുന്നു എന്നു സൂചിപ്പിക്കുന്ന നിരവധി നിവേദനങ്ങള്‍ നബി(സ)യില്‍നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ള പശ്ചാത്തലത്തിലാണ് ഈ ചോദ്യം പ്രസക്തമാകുന്നത്. പണ്ഡിതന്മാര്‍ ഈ ചോദ്യത്തിനു നല്‍കിയ മറുപടികള്‍ വ്യത്യസ്തങ്ങളാണ്. ജീവനുള്ള ഏതു വസ്തുവിന്റെയും, പ്രതിമയും ചിത്രവും ഫോട്ടോഗ്രാഫിയുമെല്ലാം നിഷിദ്ധം എന്നായിരുന്നു പൂര്‍വികരില്‍ ഭൂരിപക്ഷത്തിന്റെയും നിലപാട്. പെണ്‍കുട്ടികള്‍ക്ക് കളിക്കാനുള്ള പാവകള്‍ മാത്രമേ ഒഴിവുള്ളൂ. ഇന്ന് ഏറക്കുറെ എല്ലാ വിഭാഗവും ഈ തീവ്ര നിലപാടില്‍നിന്ന് പിന്‍വാങ്ങിയിരിക്കുന്നു. ജീവനുള്ളവയുടെ പ്രതിമാ നിര്‍മാണം മാത്രമേ ഇപ്പോള്‍ നിഷിദ്ധമായി കണക്കാക്കപ്പെടുന്നുള്ളൂ. ചിത്രമെഴുത്തിനും ഫോട്ടോഗ്രാഫിക്കും വിലക്കില്ല. ജീവികളുടെ പ്രതിമയുടെ കാര്യത്തില്‍ തന്നെ ചില പണ്ഡിതന്മാര്‍ ഇളവുകള്‍ പറയുന്നുണ്ട്. ജീവികളുടെ പൂര്‍ണകായ പ്രതിമ-ജീവനൊഴിച്ചുള്ള എല്ലാ ബാഹ്യഘടകങ്ങളും തികഞ്ഞത്- മാത്രമേ നിഷിദ്ധമായിട്ടുള്ളൂ. അപൂര്‍ണ പ്രതിമകള്‍ ആവാം. ഉദാ: ഗേറ്റുകളില്‍ സിംഹമുഖമോ വ്യാളിമുഖമോ ഉണ്ടാക്കിവെക്കുക, ഉത്തരങ്ങള്‍ താങ്ങുന്ന തൂണുകളുടെ മുകളറ്റം ജന്തുക്കളുടെ ശിരസ്സു പോലെയും കീഴറ്റം കാലു പോലെയും നിര്‍മിക്കുക.

മറ്റൊരു വീക്ഷണം ഇതാണ്: ബിംബാരാധന ശിര്‍ക്ക്-മാപ്പില്ലാത്ത കുറ്റം- ആകുന്നു. ആരാധിക്കുന്നതിനു വേണ്ടി ബിംബങ്ങളുണ്ടാക്കുന്നത് നിഷിദ്ധവുമാകുന്നു. ദൈവ ബിംബങ്ങള്‍ സചേതന വസ്തുക്കളുടെ രൂപം തന്നെയാവണമെന്നില്ല. കുന്തവും ശൂലവും അമ്പും വില്ലും കണ്ണാടിയും മലയും മരവും താമരയും രൂപമൊന്നും കൊത്താത്ത കല്ലും ഒക്കെ ആരാധിക്കപ്പെടുന്നത് ശിര്‍ക്കാണ്. ആരാധനാവശ്യത്തിനു വേണ്ടി അവ നിര്‍മിച്ച് പ്രതിഷ്ഠിക്കുന്നത് നിഷിദ്ധവും. മുള്ളു മുരടു മൂര്‍ഖന്‍ പാമ്പുവരെ മനുഷ്യര്‍ക്ക് അത്യാവശ്യമുള്ളതും അല്ലാത്തതുമായ നിരവധി അചേതനവും സചേതനവുമായ വസ്തുക്കള്‍ ആരാധിക്കപ്പെടുന്ന നാടാണ് ഭാരതം. ചിലയാളുകള്‍ ദൈവബിംബമാക്കി ആരാധിക്കുന്നതുകൊണ്ട് ആ വസ്തുക്കളൊക്കെ മുസ്‌ലിംകള്‍ക്ക് നിഷിദ്ധമാകുന്നില്ല. കുറേയാളുകള്‍ ഗോവിനെ പൂജിക്കുന്നതുകൊണ്ട് മുസ്‌ലിംകള്‍ക്ക് പശു വളര്‍ത്തല്‍ നിഷിദ്ധമാവില്ല. പ്രതിമകള്‍ നിഷിദ്ധമാകുന്നത് അത് എന്തിനു വേണ്ടി നിര്‍മിക്കപ്പെടുന്നുവെന്നതിനെയും എങ്ങനെ സമീപിക്കപ്പെടുന്നുവെന്നതിനെയും ആശ്രയിച്ചാണ്.

നൂഹ് (അ) മുതലുള്ള പ്രവാചകന്മാര്‍ നിരോധിച്ചതും ഇബ്‌റാഹീം (അ) സ്വകരങ്ങളാല്‍ ഭഞ്ജിച്ചതും വെറും പ്രതിമകളെയായിരുന്നില്ല, ആരാധ്യ വിഗ്രഹങ്ങളായിരുന്നു. മോഷണം പോലെയും വ്യഭിചാരം പോലെയും മൗലികമായി നിഷിദ്ധമായ തിന്മയല്ല പ്രതിമ. ആയിരുന്നുവെങ്കില്‍ സുലൈമാന്‍ നബിയെപ്പോലെ നിഷ്‌കളങ്ക ദൈവഭക്തിയുടെ അത്യുന്നത മാതൃകയായ ഒരു പ്രവാചകന്‍ അത് ആഗ്രഹിക്കുകയും അല്ലാഹു നിവര്‍ത്തിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നില്ല. അദ്ദേഹത്തിനു വേണ്ടി നിര്‍മിക്കപ്പെട്ട പ്രതിമകളില്‍ സചേതന

വസ്തുക്കളുടേതുമുണ്ടായിരുന്നു. ദേവാലയത്തിലെ അതി വിശുദ്ധ സ്ഥലത്ത് ചിറകുകളുള്ള രണ്ട് കെരൂബുകളെ ഉണ്ടാക്കിയതായി 2 ദിനവൃത്താന്തം 3:10,11-ലും ജിന്നുകൾ നിർമിച്ചവൻ താലം സ്ഥാപിച്ചത് 12 കാളകളുടെ പുറത്താണെന്ന് 4:4-ലും പറയുന്നു. പ്രതിമാ നിർമാണം സുലൈമാനീ ശരീഅത്തിൽ അനുവദനീയമായിരുന്നുവെന്നും മുഹമ്മദീയ ശരീഅത്ത് അത് നിരോധിച്ചുവെന്നുമാണ് പണ്ഡിതന്മാർ പൊതുവിൽ പറയുന്നത്. സുലൈമാൻ നബിക്ക് പ്രത്യേക വേദവും ശരീഅത്തും ഉണ്ടായിരുന്നുവോ? അല്ലെങ്കിൽ പ്രതിമകളുടെ അനുവദനീയത അദ്ദേഹത്തിനു മാത്രമുള്ളതാണെന്ന് അദ്ദേഹമോ തൗറാത്തോ ഖുർആനോ പറയുന്നുണ്ടോ? അതൊന്നും സ്ഥിരീകരിക്കുന്ന പ്രമാണങ്ങളില്ല. സുലൈമാൻ നബിയുടെ പിതാവ് ദാവൂദിന് (അ) സബൂർ എന്ന വേദമിറങ്ങിയിരുന്നു. അദ്ദേഹമാകട്ടെ വിഗ്രഹഭഞ്ജകനായിരുന്നു. സുലൈമാൻ നബിയുടെയും ദാവൂദ് നബിയുടെയും ശരീഅത്തിനാധാരമായ തൗറാത്തിൽ അല്ലാഹു മൂസാ നബിയോട് കൽപിക്കുന്നതിങ്ങനെ: ''ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാകരുത്. മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത്. നീ അവക്ക് മുന്നിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്'' (പുറപ്പാട് 20:3-5). തൗറാത്ത് നിരോധിക്കുന്നത് ആരാധ്യവിഗ്രഹങ്ങളെയാണെന്ന് ഈ വചനങ്ങളിൽനിന്നുതന്നെ സ്പഷ്ടമാണല്ലോ. ഇതേ ആരാധ്യവിഗ്രഹങ്ങളെയാണ് ഇബ്റാഹീം നബിയും ദാവൂദ് നബിയും ഉടച്ചുകളഞ്ഞത്. സുലൈമാൻ നബി നിർമിച്ചത് കേവലം പ്രതിമകളാണ്. അവക്ക് നിരോധം ബാധകമായിരുന്നില്ല. സൗന്ദര്യാവിഷ്കാരം എന്ന നിലയിൽ പ്രതിമകളുണ്ടാക്കുന്നതിനും ആസ്വദിക്കുന്നതിനും വിലക്കില്ല എന്നാണിതിൽനിന്നും മനസ്സിലാകുന്നത്. പ്രതിമ നിർമിക്കുന്നതിനെക്കുറിച്ച് ഖുർആൻ ഒരു വിധിയും പ്രസ്താവിക്കുന്നില്ല. അതേപ്പറ്റി ആകെ പ്രസ്താവിച്ചിട്ടുള്ളത് മഹാനായ ഒരു പ്രവാചകനു വേണ്ടി അല്ലാഹു ജിന്നുകളിലൂടെ പ്രതിമകൾ നിർമിച്ചുകൊടുത്തു എന്നാണ്.

മുഹമ്മദ് നബി (സ) പ്രതിരൂപ നിർമിതിയെ മൊത്തത്തിൽ നിരോധിച്ചതായി പറയുന്ന നിരവധി നിവേദനങ്ങളുണ്ട്. അതൊരു താൽക്കാലിക നടപടിയായിരുന്നുവെന്ന് കാണാവുന്നതാണ്. നൂറ്റാണ്ടുകളായി ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും സ്വത്വമായി വേരുറച്ച ജനതയായിരുന്നു അറേബ്യൻ മുശ്രിക്കുകൾ. എവിടെയെങ്കിലും രൂപഭംഗി തോന്നുന്ന ഒരു കല്ലു കണ്ടാൽ അതെടുത്തു കൊണ്ടുപോയി പ്രതിഷ്ഠിച്ച് ആരാധിക്കാൻ മാത്രം അവരതിൽ ഭ്രമിച്ചുപോയിരുന്നു. ആരാധിക്കാനല്ലാതെ സൗന്ദര്യാവിഷ്കാരം എന്ന നിലയിൽ അറബികൾ പ്രതിമകളുണ്ടാക്കിയിരുന്നില്ല. ആദ്യകാലത്ത് മുസ്‌ലിംകളായ ചിലരെങ്കിലും അവരുടെ മനസ്സിൽ രൂഢമായ വിഗ്രഹപ്രേമം തുടച്ചുനീക്കാൻ പ്രയാസപ്പെട്ടിരുന്നു. പുറമേ ഏകദൈവ വിശ്വാസികളായി നടിക്കുകയും അകമേ വിഗ്രഹ വിശ്വാസികളായിരിക്കുകയും ചെയ്യുന്ന കപടന്മാരും ഉണ്ടായിരുന്നു. എത്രത്തോളമെന്നാൽ നമസ്കരിക്കുമ്പോൾ പോലും അവർ കക്ഷത്തിൽ വിഗ്രഹം സൂക്ഷിച്ചിരുന്നുവത്രെ. അത്തരക്കാരുടെ കക്ഷത്തിൽനിന്ന് വിഗ്രഹം താഴെ വീണ് കള്ളി പൊളിയാൻ വേണ്ടിയാണ് നമസ്കാരത്തിലെ റുകൂഇൽനിന്ന് ഉയരുമ്പോൾ കൈ ഉയർത്തുന്ന സമ്പ്രദായം ഏർപ്പെടുത്തിയതെന്ന് ആളുകൾ പറയാറുണ്ട്. ഈ സാഹചര്യത്തിൽ പ്രതിമകൾ അനുവദിക്കപ്പെടുന്നത് വിഗ്രഹപ്രേമം മായാതെ കിടക്കുന്ന മനസ്സുകളിൽ വീണ്ടും അതു വളർത്താനിടയാക്കും. രഹസ്യമായി വിഗ്രഹാരാധന നടത്തുന്ന കപടവിശ്വാസികൾക്ക് അത് തുടരാനും പ്രചരിപ്പിക്കാനും അവസരമൊരുക്കുകയും ചെയ്യും. അതുകൊണ്ട് പ്രവാചകൻ (സ) പ്രതിരൂപ നിർമാണത്തെ മൊത്തത്തിൽ വിലക്കുകയായിരുന്നു. ആദ്യകാലത്ത് വിശ്വാസികൾക്ക് ഖബ്ർ സന്ദർശനം വിലക്കിയതുപോലെയാണിത്. ആ വിലക്ക് പ്രവാചകന്റെ കാലത്തുതന്നെ പിൻവലിച്ചു. ഖബ്ർ സന്ദർശനം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അറബ് ഗോത്രങ്ങളും വിഗ്രഹപൂജകരായ അയൽനാടുകളിൽനിന്നുള്ളവരും കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ വന്നുകൊണ്ടിരുന്നതിനാൽ പ്രവാചകന്റെ കാലത്ത് പ്രതിമാ നിരോധം പിൻവലിക്കാൻ സാഹചര്യം പാകപ്പെട്ടിരുന്നില്ല. കാലക്രമത്തിൽ വിഗ്രഹ വിരക്തി മുസ്‌ലിം സ്വത്വത്തിന്റെ അവിഭാജ്യ ഘടകമായി മാറി. ആരാധ്യവിഗ്രഹമായിട്ടല്ലാതെ ഒരു കലാ-സൗന്ദര്യാവിഷ്കരണ രീതി എന്ന നിലയിലുള്ള പ്രതിമകൾ വിലക്കപ്പെടുന്നതിനുള്ള ന്യായം ഇപ്പോൾ നിലനിൽക്കുന്നില്ല. കുട്ടികളുടെ കളിക്കോപ്പായി മാത്രം പരിഗണിക്കപ്പെട്ടിരുന്ന പ്രതിമകൾ-പാവകൾ പ്രവാചകന്റെ കാലത്തും അനുവദിക്കപ്പെട്ടിരുന്നുവല്ലോ.

സൗന്ദര്യാവിഷ്കരണം അല്ലെങ്കിൽ ചരിത്രസ്മാരകം എന്ന പരിഗണന മാത്രമുള്ള പ്രതിമകൾ നിഷിദ്ധമല്ലെങ്കിലും പ്രതിമകൾ ഒരു കാലത്തും ഇസ്‌ലാമിക സംസ്കാരത്തിന്റെ ഭാഗമായിട്ടില്ല. ആരാധ്യവിഗ്രഹങ്ങൾ നിർമിക്കുന്നതുപോലെ തന്നെ നിഷിദ്ധമാണ് ആരാധിക്കപ്പെടാൻ സാധ്യതയുള്ള പ്രതിമകൾ നിർമിക്കുന്നതും. ഇതര മതവിഭാഗങ്ങളിലെ ആത്മീയാചാര്യന്മാരുടെ പ്രതിമകൾ കാലാന്തരത്തിൽ ആരാധ്യവിഗ്രഹങ്ങളായി മാറുന്നതായി കാണാം. കേരളത്തിൽ ശ്രീനാരായണ വിഗ്രഹങ്ങൾ ഒരുദാഹരണമാണ്. ദേശീയതലത്തിൽ രാമകൃഷ്ണ പരമഹംസൻ മുതൽ ഗോഡ്സെ വരെ ദൈവങ്ങളായി പ്രതിഷ്ഠിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരം ഒരു സമൂഹത്തിൽ മുസ്‌ലിംകൾ കൂടി പുണ്യാത്മാക്കളുടെ പ്രതിമയുണ്ടാക്കിയാൽ അതും ആരാധിക്കപ്പെടുക സ്വാഭാവികമാണ്. നബി (സ) അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ് ഖബ്ർ സന്ദർശനം. ഖബ്റുകൾ കെട്ടിപ്പൊക്കി ആരാധനാ കേന്ദ്രങ്ങളാക്കരുതെന്ന് ശക്തിയായി അനുശാസിച്ചിട്ടുമുണ്ട്. എന്നിട്ടും ആളുകൾ പുണ്യാത്മാക്കളെന്ന് കരുതപ്പെടുന്നവരുടെ ഖബ്റുകൾ കെട്ടിപ്പൊക്കി ആരാധനാ കേന്ദ്രങ്ങളാക്കിയിരിക്കുന്നു. എന്നിരിക്കെ ഈ പുണ്യാത്മാക്കളുടെ പ്രതിമകൾ സ്ഥാപിക്കൽ കൂടി ചെയ്താൽ എന്തായിരിക്കും അവസ്ഥ?! അതിനാൽ പിൽക്കാലത്ത് ആരാധ്യവിഗ്രഹങ്ങളായിത്തീരാൻ ഇടയുള്ള പ്രതിമകളുടെ കാര്യത്തിൽ പ്രവാചകന്റെ വിലക്ക് തീർച്ചയായും ഇന്നും നിലനിൽക്കുന്നു. سد الذّرائع (തിന്മകളുടെ പഴുതടക്കുക) എന്ന കർമശാസ്ത്ര തത്ത്വമനുസരിച്ച് ഇത് നിഷിദ്ധമാകുന്നു. ഒരിക്കലും ആരാധ്യവിഗ്രഹമായിത്തീരാൻ സാധ്യതയില്ലാത്തവരുടെ പ്രതിമകളെ ആരാധ്യവിഗ്രഹങ്ങളെപ്പോലെ കാണേണ്ടതില്ല. നഗരങ്ങളിൽ കാണപ്പെടുന്ന ദേശീയ നേതാക്കളുടെയും കലാ-സാഹിത്യ പ്രതിഭകളുടെയും പ്രതിമകൾ ചരിത്ര സ്മാരകങ്ങളാണ്. ജീവജാലങ്ങളുടെ പ്രതിമകളും ഫോട്ടോകളും ഇക്കാലത്ത് ജന്തുശാസ്ത്ര

പഠനത്തിന്റെ അവശ്യോപാധികളാകുന്നു.

പ്രതിമകൾക്ക് പുറമെ ജിന്നുകൾ സുലൈമാൻ നബിക്ക് നിർമിച്ചുകൊടുത്തവയിൽ ഇവിടെ എടുത്തു പറയുന്ന രണ്ട് വസ്തുക്കൾ വൻതാലങ്ങളും കലങ്ങളുമാണ്. جفنة-ന്റെ ബഹുവചനമാണ് جِفَان. പരന്ന തളികക്കും ഉള്ളം കുഴിഞ്ഞ പിഞ്ഞാണത്തി(Bowl)നും جفنة എന്നു പറയും. جابية-ന്റെ ബഹുവചനമാണ് جوابي. ആഴവും പരപ്പുമുള്ള ജലസംഭരണിയാണ് جابية. വയലുകളും തോട്ടങ്ങളും നനക്കാൻ അതിൽ ജലം ശേഖരിക്കുന്നു. ഈ ജലസംഭരണിക്ക് പത്തു മുഴം വ്യാസവും അഞ്ചു മുഴം ആഴവും മുപ്പതു മുഴം ചുറ്റളവുമുണ്ടായിരുന്നുവെന്നും വൃത്താകൃതിയിലുള്ള അത് സ്ഥാപിച്ചത് ബൈത്തുൽ മഖ്ദിസിലെ പുരോഹിതർക്ക് ക്ഷാളനം ചെയ്യാനായിരുന്നുവെന്നും ബൈബിൾ 2 ദിനവൃത്താന്തം 4:3-ൽ പറയുന്നു. പന്ത്രണ്ട് കാളപ്രതിമകളുടെ പുറത്താണത് സ്ഥാപിച്ചതെന്നും തുടർന്ന് പറയുന്നുണ്ട്. قدر-ന്റെ ബഹുവചനമാണ് قدور. പാചക കലങ്ങളാണിത്. 'റാസിയതി'ന്റെ ബഹുവചനമാണ് 'റാസിയാത്ത്.' ഇളകാതെ ഉറച്ചുനിൽക്കുന്നതാണ് മൗലികമായ അർഥത്തിൽ 'റാസിയാത്ത്.' പർവതങ്ങൾക്കും 'റാസിയാത്ത്' എന്നു പറയും. കപ്പൽ ഒഴുകിപ്പോകാതെ ഒരിടത്ത് ഉറപ്പിച്ചുനിർത്തുന്ന നങ്കൂരം 'മിർസാത്ത്' ആണ്. പദത്തിന്റെ ഈ അർഥങ്ങളനുസരിച്ച് قُدُورٍ رَّاسِيَاتٍ-ന്റെ വിവക്ഷ പർവതസമാനം വലിപ്പമുള്ള കലങ്ങൾ എന്നാകാം, ഇരുന്നിടത്തുനിന്ന് ഇളക്കാനാവാത്ത വണ്ണം ഭാരിച്ച കലങ്ങൾ എന്നുമാകാം. രണ്ടായാലും അതിൽ ധാരാളമാളുകൾക്ക് ഭക്ഷണം പാചകം ചെയ്യാമായിരുന്നു. ദിനേന ആയിരക്കണക്കിനാളുകൾക്ക് ഭക്ഷണം വെച്ചു വിളമ്പുന്ന അന്നദാനതൽപരനായിരുന്നു സുലൈമാൻ നബി. അതിനു വേണ്ടിയാണ് ഭീമാകാരമായ കലങ്ങൾ നിർമിക്കപ്പെട്ടത്.

اعملوا എന്നതിന് മുമ്പ് قلنا എന്നും ശേഷം صالحا എന്നും അനുക്തമായിട്ടുണ്ട്. മഹത്തായ ഈ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിനു വേണ്ടി ദാവൂദ് കുടുംബമേ, സൽക്കർമങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കുവിൻ എന്ന് നാം അവരോട് പറഞ്ഞു എന്നാണ് اعْمَلُوا آلَ دَاوُودَ شُكْرًا എന്ന വാക്യത്തിന്റെ താൽപര്യം. ഈ ശാസനയുടെ അനുബന്ധമാണ് وَقَلِيلٌ مِّنْ عِبَادِيَ الشَّكُورُ. അധികം നന്ദിയുള്ളവനാണ് شكور. അല്ലാഹുവിനോട് നന്ദി കാണിക്കുന്നതിൽ ഏറെ തൽപരരായിരിക്കാനുള്ള പ്രേരണയും ഉൾകൊള്ളുന്നുണ്ടീ വാക്യം. അല്ലാഹുവിന്റെ അളവറ്റ ഔദാര്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈവ ദാസന്മാരിൽ അധികവും അവനോട് നന്ദിയുള്ളവരാകുന്നില്ല. ഭയഭക്തിയും വണക്കവും സ്നേഹവുമുള്ളവരേ അവനോട് നന്ദിയുള്ളവരാവുകയും ദൈവാനുഗ്രഹങ്ങളെ അവൻ തൃപ്തിപ്പെടുന്ന രീതിയിൽ ഉപയോഗിക്കുകയും ചെയ്യൂ. അതില്ലാത്ത ഭൂരിപക്ഷമാളുകളും അനുഗ്രഹങ്ങളെ സ്വന്തം മഹത്വത്തിന്റെയും കഴിവിന്റെയും മാത്രം ഫലമായി കണ്ട് അഹങ്കരിച്ച് ദൈവപ്രീതി മാനിക്കാതെ സ്വേഛാനുസാരം ഉപയോഗിക്കുന്നു. ദാവൂദ് കുടുംബമേ, നിങ്ങൾ ഈ നന്ദികെട്ട ഭൂരിപക്ഷത്തിലല്ല, നന്ദിയുള്ള ന്യൂനപക്ഷത്തിലാണ് പെടേണ്ടത്. ഇതാണ് وَقَلِيلٌ مِّنْ عِبَادِيَ الشَّكُورُ-ന്റെ സാരം. ●